കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കേന്ദ്രവിഹിതം നഷ്ടമായിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

ജൈവ കീട നിയന്ത്രണ മാർഗ്ഗങ്ങളുടെ പ്രാധാന്യം

15 (*375) ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ജൈവകീട നിയന്ത്രണ മാർഗ്ഗങ്ങളുടെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രംഗത്ത് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ;

(സി) ഏതെല്ലാം കീടങ്ങളുടെ എതിർപ്രാണികളെ കണ്ടെത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

(ഡി) ഈ രംഗത്ത് പരീക്ഷണ നിരീക്ഷണങ്ങൾ കേരളത്തിൽ എവിടെയെല്ലാമാണ് നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ?.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഇപ്പോൾ സംസ്ഥാനത്ത് 9 പരാദപ്രാണി പ്രജനന സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ മണ്ണുത്തിയിൽ ഒരു ജൈവനിയന്ത്രണ ലബോറട്ടറിയും കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ചു. ഇതു കേരളത്തിലെ ആദ്യ സംരംഭമാണ്.

(സി) തെങ്ങിനെ ബാധിക്കുന്ന കരിന്തലപ്പുഴു, കൊമ്പൻചെല്ലി, നെല്ലിന്റെ ഇല ചുരുട്ടിപ്പുഴു, നെല്ലിന്റെ തണ്ടു തുരപ്പൻ പുഴു, മുഞ്ഞ, പല വിളകളിലും കാണുന്ന മീലിമുട്ട, കുരുമുളകിന്റെ ദ്രുതവാട്ടരോഗം, ആഫ്രിക്കൻ പായൽ തുടങ്ങിയവയ്ക്കെതിരെ എല്ലാം എതിർ പ്രാണികളെയോ പരാദങ്ങളെയോ കണ്ടെത്തിയിട്ടുണ്ട്.

(ഡി) കേരള കാർഷിക സർവ്വകലാശാല, കേന്ദ്രതോട്ട വിള ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽ ഈ രംഗത്തു പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്.

കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം

16 (*376) ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly